ഉത്തരം

(എ) സംസ്ഥാനത്ത് മദ്യ ഉല്പന്നങ്ങളുടെ പരസ്യം നൽകുന്നത് നിയമവിരുദ്ധമാണ്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) മദ്യത്തിന്റെ ഏതുവിധത്തിലുള്ള പരസ്യവും നിയമവിരുദ്ധമാണ്. എന്നാൽ അബ്കാരി ആക്ടിൽ ഇതിനെ സംബന്ധിച്ച് ഇപ്പോൾ അനുയോജ്യമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടില്ലാത്തതിനാൽ കുറ്റക്കാരുടെ പേരിൽ നിയമനടപടികൾ സ്വീകരിക്കാൻ കഴിയാതെ വരുന്നു. മാത്രമല്ല വാർത്താമാധ്യമങ്ങളിലൂടെയും, ടിവി മുതലായ ദൃശ്യമാധ്യമങ്ങളിലൂടെയുമുള്ള ഇത്തരം പരസ്യങ്ങൾ സംസ്ഥാനത്ത് മാത്രമായി നിരോധിക്കുവാനും കഴിയുകയില്ല. ഇക്കാരണങ്ങൾക്കൊണ്ട് മദ്യനിർമ്മാതാക്കളുടെയും, വിതരണക്കാരുടെയും വില്പനക്കാരുടെയും ഭാഗത്ത് മദ്യത്തിന് പരസ്യം നല്കുന്ന പ്രവണത നിലനിൽക്കുന്നുണ്ട്. സാഹചര്യം ഇതൊക്കെയാണെങ്കിലും ഇത്തരം കുറ്റക്കാർക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിക്കുന്നതിന് കേരള അബ്കാരി ആക്ടിൽ നിയമവ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നതിനുവേണ്ടിയുള്ള കരട് ബില്ല് തയ്യാറാക്കി 13.10.99-ൽ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി അയച്ചിട്ടുണ്ട്.

104 (1707) പുതിയ റേഷൻ കാർഡുകൾ

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ റേഷൻ കാർഡ് നൽകുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഇല്ലെങ്കിൽ താലൂക്ക് സപ്ലൈ ഓഫീസിൽ പുതിയ റേഷൻ കാർഡിന് അപേക്ഷ നൽകിയിട്ടുള്ളവർക്ക് കാലതാമസം ഒഴിവാക്കി കാർഡ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പുതിയ റേഷൻ കാർഡ് നൽകുന്നതിന് വിലക്ക് ഏർപ്പെടുത്തിയിട്ടില്ല. അർഹതയുള്ള എല്ലാ അപേക്ഷകർക്കും റേഷൻ കാർഡ് നൽകുന്നുണ്ട്.

(ബി) റേഷൻ കാർഡിന്റെ സുഗമമായ വിതരണത്തിനും കാലതാമസം ഒഴിവാക്കുന്നതിനും വേണ്ട എല്ലാ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

105 (1708) മെച്ചപ്പെട്ട റേഷനരി ലഭ്യമാക്കുന്നതിന് നടപടി

ശ്രീ. വി.കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻകടകൾ വഴി ലഭിക്കുന്ന അരി മോശമാണെന്ന വ്യാപകമായ പരാതി പരിഹരിക്കത്തക്കവിധത്തിൽ മെച്ചപ്പെട്ട അരി റേഷൻകടകളിൽ

LIBRARY ARCHIVES Kerala Legislative Assembly